# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 2 | 10.12.2012-ൽ മറുപടിയ്ക്ക്

## സ്വാഭാവിക വനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി. റ്റി. ബൽറാം<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനപ്രദേശത്തിന് പുറമേ സ്വാഭാവിക വനം നിർമ്മിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | എ) വന പ്രദേശത്തിന് പുറമേ സ്വാഭാവിക വനം നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ വനദീപ്തി എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട് പുനലൂർ ഡിവിഷന്റെ കീഴിൽ പത്തുപറ എന്ന സ്ഥലത്ത് 5.7 ഹെക്ടറിൽ പരീക്ഷണാടിസ്ഥാനത്തിൽ വനദീപ്തി എന്ന പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ട് കൂടാതെ തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ ശിവഗിരി എന്ന സ്ഥലത്തും എലമ്പ്രക്കോട് എന്ന സ്ഥലത്തും വനദീപ്തി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട് ടി രണ്ട് പദ്ധതികളും സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) ഏതെല്ലാം ഫലവൃക്ഷങ്ങളാണ് ഈ സ്വാഭാവിക വനത്തിൽ വച്ചുപിടിപ്പിക്കാനുദ്ദേശിക്കുന്നത്; | ബി) വനദീപ്തി പദ്ധതി പ്രകാരം ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, നെല്ലി, കുടംപുളി, പുളി തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വരുന്നു. |
| സി) സ്വാഭാവിക വനങ്ങളിൽ ഔഷധസസ്യങ്ങളും മരങ്ങളും നട്ടുവളർത്തുന്ന കാര്യം പരിഗണിക്കുമോ; | സി) വനദീപ്തി പദ്ധതി നടപ്പാക്കുന്ന സ്ഥലത്തിന് അനുയോജ്യമായി ഔഷധസസ്യങ്ങളും തദ്ദേശീയ വൃക്ഷങ്ങളും ഈ സ്വാഭാവിക വനത്തിൽ നട്ടുപിടിപ്പിക്കുന്നുണ്ട് . |

| | |
|---|---|
| ഡി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുമോ ? | ഡി) പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സ്വാഭാവിക വനത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി സമീപ പ്രദേശങ്ങളിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും പ്രകൃതി പഠന ക്യാംപുകളും പഠനയാത്രകളും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ